"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തഴവ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2022-23 വർഷം പൈപ്പ് ലൈൻ നീട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത് തിരികെ ലഭിച്ച തുക കേരള വാട്ടർ അതോറിറ്റിക്ക് തിരികെ അടച്ച് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന മറ്റ് കുടിവെള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1880/2025/LSGD തീയതി,തിരുവനന്തപുരം, 30-07-2025

---

പരാമർശം:-

1. തഴവ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.09.2023-ലെ 19/1നമ്പർ തീരുമാനം
2. 06.06.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയത്തിലെ തീരുമാനം നമ്പർ 4.1

**ഉത്തരവ്**

തഴവ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2022-23 വർഷം പൈപ്പ് ലൈൻ നീട്ടുന്നതിനായി 41.10 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യണമെന്ന് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിനത്തിൽ 40,28,500/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ തഴവ ഗ്രാമപഞ്ചായത്ത് അടച്ചിരുന്നു. ഇതിനു വേണ്ട ബാക്കി തുകയായ 81,500/- രൂപ 2021-22 വർഷം പൈപ്പ് ലൈൻ നീട്ടുന്നതിന് KWAയ്ക്ക് നൽകിയ തുകയിലെ സേവിംഗ്സിൽ നിന്നും ക്രമീകരിക്കാൻ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക ക്രമീകരിക്കാൻ കഴിഞ്ഞിരുന്നില്ല. 2023 മാർച്ചിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 40,28,500/- രൂപ കേരള വാട്ടർ അതോറിറ്റി 25.05.2023-ന് ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിരുന്നു. പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി ഈ തുക കേരള വാട്ടർ അതോറിറ്റിക്ക് തിരികെ അടയ്ക്കാൻ അനുമതി നൽകണമെന്ന തഴവ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) തീരുമാനപ്രകാരമുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2. കേരള വാട്ടർ അതോറിറ്റി ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിട്ട് ഒരു വർഷമായിട്ടും നടപടി സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണെന്നും ഇതാവർത്തിക്കരുതെന്നും നിർദ്ദേശിച്ചുകൊണ്ട് ധനകാര്യ കമ്മീഷൻ ഗ്രാൻ്റ് ആയതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് തിരികെ അടച്ച് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന മറ്റ് കുടിവെള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നതിനു വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തഴവ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2022-23 വർഷം പൈപ്പ് ലൈൻ നീട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ച് ഒരു വർഷമായിട്ടും നടപടി സ്വീകരിക്കാതിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ച ആവർത്തിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആയതിനാൽ ആയത് കേരള വാട്ടർ അതോറിറ്റിക്ക് തിരികെ അടച്ച് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന മറ്റ് കുടിവെള്ള പ്രോജക്ട് നടപ്പാക്കാൻ തഴവ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, തഴവ ഗ്രാമപഞ്ചായത്ത്, കൊല്ലം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shaija R M

സെക്ഷൻ ഓഫീസർ

Date: 30-07-2025 12:31:41